ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): (എ) ഉണ്ട്.

(ബി) മത്സ്യ സമ്പത്തിന്റെ സ്ഥായിയായ സംരക്ഷണവും വികസനവും മത്സ്യത്തൊഴിലാളികൾക്ക് മാന്യമായ ജീവിത നിലവാരവും ഉപഭോക്താക്കളുടെ താല്പര്യവും ഉറപ്പുവരുത്തുന്നതിന് ഒരു മത്സ്യ വികസന മാനേജ്മെന്റ് നയം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മത്സ്യോല്പാദന മേഖലയിൽ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്നതിനും വിപണന മേഖലയിൽ ആദ്യ വില്പനക്കുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനുമായി നിയമ നിർമ്മാണങ്ങൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ജലപരിഷ്ക്കരണ (അക്വേറിയൻ റിഫോംസ്) നിയമത്തെ സംബന്ധിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശ പ്രകാരം നിയമനിർമ്മാണ നടപടി ആരംഭിക്കുന്നതാണ്.

(ഇ) കമ്മിറ്റിയിലെ ഒരു പ്രമുഖ അംഗത്തിന്റെ നിര്യാണത്തെ തുടർന്ന് കമ്മിറ്റിയുടെ പ്രവർത്തനം താല്കാലികമായി നിലച്ചിരിക്കുകയാണ്.

(എഫ്) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

'അംബേദ്കർ' എന്ന സിനിമ മൊഴിമാറ്റം നടത്തി പ്രദർശിപ്പിക്കുന്നതിന് നടപടി

15 (* 550) ശ്രീ. കടന്നമ്പിട്ട രാമകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർ ബി. ആർ. അംബേദ്കറെ കുറിച്ച് ഇംഗ്ലീഷ് ഭാഷയിൽ നിർമ്മിച്ച അംബേദ്കർ എന്ന സിനിമ മലയാള ഭാഷയിലേക്ക് മൊഴിമാറ്റം നടത്തി സംസ്ഥാനത്ത് പ്രദർശിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സിനിമ ഇംഗ്ലീഷിൽ ഇതിനകം റിലീസ് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സിനിമ മലയാള ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്യുന്നതിന് എന്തുതുക ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത സിനിമ മലയാളഭാഷയിലേക്ക് മൊഴിമാറ്റം നടത്തി പ്രദർശിപ്പിക്കുന്ന കാര്യം സജീവമായി പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ):

(എ) നടപടി സ്വീകരിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

ഡി. പി. ഇ. പി. പദ്ധതികൾ നടപ്പാക്കുന്നതിന് ജനകീയ സമിതികൾ

16 (*551) ശ്രീ. എ. കെ. മണി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി. പി. ഇ. പി. പദ്ധതി നടപ്പാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുവാൻ ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സമിതികൾ എന്തൊക്കെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഇതുവരെ നൽകിയിട്ടുണ്ട് ;

(സി) അതിൽ ഏതൊക്കെ നടപ്പിൽ വരുത്തിയിട്ടുണ്ട് ;

(ഡി) ഈ സമിതിയുടെ ഘടന വെളിപ്പെടുത്തുമോ ;

(ഇ) ഈ സമിതിയ്ക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഡി. പി. ഇ. പി. നടപ്പാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുവാൻ താഴെ പറയുന്ന സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

1. ജില്ലാ ഉപദേശക സമിതി.
2 ജില്ലാ നിർവഹണ സമിതി.
3 ബ്ലോക്ക് റിസോഴ്സ് സെന്റർ ഉപദേശക സമിതി.
4 വില്ലേജ് എഡ്യൂക്കേഷൻ കമ്മിറ്റി.
5 സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ്.

ഇതിൽ ജില്ലാ ഉപദേശക സമിതിയും ബ്ലോക്ക് റിസോഴ്സ് സെന്റർ ഉപദേശക സമിതിയും വില്ലേജ് എഡ്യൂക്കേഷൻ കമ്മിറ്റിയും ജനകീയ സമിതികളാണ്.

(ബി & സി) ഈ സമിതികൾ ഡി. പി. ഇ. പി. യുടെ വിവിധ പ്രവർത്തന മേഖലകളായ അദ്ധ്യാപക പരിശീലനം, ജനകീയ പങ്കാളിത്തം, രക്ഷിതാക്കളുടെ

LIBRARY ARCHIVES Kerala Legislative Assembly